'ഭരണഭാഷ – മാതൃഭാഷ'

**പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം, തീയതി : 24.08.17**

എം.1-2684/14 (2)

## സർക്കുലർ

വിഷയം:- പഞ്ചായത്ത് വകുപ്പ് – ആഡിറ്റ് റിപ്പോർട്ടിന്മേൽ തീർപ്പ് കല്പിക്കുന്നതും – തിട്ടപ്പെടുത്തിയ ബാദ്ധ്യതകൾ ഈടാക്കുന്നതും – സംബന്ധിച്ച്.

സൂചന:- ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം.

********

ആഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ചാൽ സമയബന്ധിതമായി മറുപടി നൽകി ആയതിന്മേലുള്ള തടസ്സങ്ങളും പരാമർശങ്ങളും ഒഴിവാക്കി വാങ്ങിക്കേണ്ടതും, തിട്ടപ്പെടുത്തിയിട്ടുള്ള ബാദ്ധ്യതകൾ നിലവിലുള്ള നിയമപ്രകാരം യഥാസമയം ഈടാക്കേണ്ടതുമാണ്. പരാമർശങ്ങൾക്കും ബാദ്ധ്യതകൾക്കും വിധേയരാകുന്നവരും, നിലവിൽ പഞ്ചായത്തുകളിൽ സെക്രട്ടറിതസ്തികയിൽ ജോലി നോക്കിവരുന്നവരും ഇത്തരം ആഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിൽ തുല്യ ഉത്തരവാദികളാണ്. എന്നാൽ ജോലിഭാരം എന്ന വാദഗതി ഉയർത്തി ആഡിറ്റ് റിപ്പോർട്ടുകളെ അവഗണിക്കുന്ന ഒരു പ്രവണത പൊതുവെ കണ്ടുവരുന്നു. അധികാരവും പണവും കൈമാറുന്ന സർക്കാരിനു ആയത് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടാണോ കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിക്കാനും തെറ്റുകൾ തിരുത്തുന്നതിനു നിർദ്ദേശങ്ങൾ നൽകാനും പൊതുധനം ദുർവിനിയോഗം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ പിടിക്കാനും നിലവിൽ അധികാരം ഉണ്ട് എന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ നടക്കുന്ന ആഡിറ്റുകളോടും ആയതിലെ തുടർനടപടി സ്വീകരിക്കുന്നതിനോടും കാണിക്കുന്ന താല്പര്യമില്ലായ്മ യാതൊരു കാരണവശാലും അംഗീകരിക്കാനാവില്ല. പരാമർശ വിധേയരാകുന്ന ഉദ്യോഗസ്ഥർ സേവനത്തിൽ നിന്നും വിരമിക്കുന്നതുവരെ നടപടികൾ സ്വീകരിക്കാതിരിക്കുക, നടപടികൾക്കെതിരെ ഉദ്യോഗസ്ഥർ കോടതികളെ സമീപിക്കുമ്പോൾ യഥാസമയം ആയതിനെ നേരിടാനുള്ള ഹർജികൾ ഫയൽ ചെയ്യാതിരിക്കുക, കോടതികൾ പുറപ്പെടുവിക്കുന്ന സ്റ്റേ ഉത്തരവുകൾക്കെതിരെ അപ്പീൽ സമർപ്പിക്കാതിരിക്കുക, ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ മരണമടയുന്നതുവരെ ഫയൽ മാറ്റി വയ്ക്കുക എന്നിവ യാതൊരു കാരണവശാലും അനുവദിക്കാനാവില്ല.. ഇത്തരം വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥന്മാരുടെ പേരിൽ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. വകുപ്പുതലത്തിൽ മറുപടികൾ ആവശ്യപ്പെടുമ്പോൾ "ഇപ്പോൾ ഈ ആഫീസിൽ ജോയിൻ ചെയ്തതെയുള്ളു" എന്ന രീതിയിലുള്ള മറുപടി സ്വീകാര്യമല്ല. ആഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി യഥാസമയം നൽകുകയെന്നത് സെക്രട്ടറിമാരുടെ മാത്രം ബാദ്ധ്യതയായി കാണാനാവില്ല. പഞ്ചായത്ത് ഓഫീസിലെയും ഘടകസ്ഥാപനങ്ങളിലേയും മുഴുവൻ ജീവനക്കാരും ഉദ്യോഗസ്ഥരും കൂടിച്ചേർന്ന പഞ്ചായത്തിന്റെ ബാദ്ധ്യതയായിട്ടേ കണക്കാക്കാൻ കഴിയൂ. ആയതിനാൽ ആഫീസിലെ എല്ലാ ജീവനക്കാരുടെയും ഒരു കൂട്ടായ്മ ഇക്കാര്യത്തിൽ സൃഷ്ടിക്കാൻ ആഫീസ് തലവന്മാർ പ്രത്യേകം ശ്രദ്ധിക്കാൻ നിർദ്ദേശിക്കുന്നു.

**പഞ്ചായത്ത് ഡയറക്ടർ.**

**ആജ്ഞാനുസരണം**

(ഒപ്പ്)
**സൂപ്രണ്ട്**

(ഒപ്പ്) 11-9-2017

സിഎസ് 11.09.17

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ഘടകസ്ഥാപന മേധാവികൾക്കും ഈ സർക്കുലറിന്റെ പകർപ്പ് അയച്ച് നൽകുക.